# 26

# ശബ്ബത്ത് ചോദ്യങ്ങൾ

## (12:1-14)

അദ്ധ്യായം 11-ൽ തുടങ്ങിയ ട്യജിക്കൽ വിഷയം ഈ അദ്ധ്യായത്തിലും തുടരുകയാണ്. യേശുവിനോടുണ്ടായിരുന്ന എതിർപ്പും ശത്രുതയും ഉദാഹരണങ്ങൾ സഹിതം മത്തായി ചിത്രീകരിച്ചിരിക്കുന്നു. ആ നിഷേധ ശബ്ദത്തോടു കൂടെ മത്തായി ന്യായവിധിയെ കുറിച്ചുള്ള ഉപമകളും തന്റെ ശ്രോതാക്കൾക്ക് നൽകുന്നു (അദ്ധ്യാ. 13).

ശത്രുതയെ മത്തായി വിവരിക്കുന്നതിന്റെ ഭാഗമായി, പരീശന്മാരുടെ മൂന്നു വിവാദങ്ങൾ (12:1–14, 22–37, 38–45) എടുത്തുകാണിക്കുന്നു. ആ വാദങ്ങൾ പ്രധാനമായും ഇടവേളക്ക് ഊന്നൽ കൊടുക്കുന്ന (12:15–21) അവസാനത്തെ വാക്കായും കണക്കാക്കി (12:46–50).[1] പരീശന്മാർ "ജ്ഞാനികളും വിവേകികളുമായിരുന്നു," അവരിൽ ദൈവത്തിന്റെ ജ്ഞാനം മറഞ്ഞു കിടന്നിരുന്നു (11:25). അവരുടെ പാരമ്പര്യങ്ങൾ ബുദ്ധിമുട്ടും ഭാരവുമുള്ള നുകമായിരുന്നു, പക്ഷെ യേശുവിന്റെ നുകം മൃദുവും അവന്റെ ചുമട് ലഘുവുമായിരുന്നു (11:30).

യേശുവിനോടുള്ള മതസ്ഥാപനത്തിന്റെ നീരസം വർദ്ധിച്ച്, അവരുടെ പാരമ്പര്യമനുസരിച്ച് അവൻ ശബ്ബത്തു ലംഘിക്കുന്നതായി അവർ ആരോപിച്ചു (യോഹ. 5:1–18). വാസ്തവത്തിൽ ന്യായപ്രമാണം പഠിപ്പിക്കുന്ന ശബ്ബത്ത് അവൻ ലംഘിച്ചിരുന്നില്ല, എന്നാൽ യെഹൂദ ഉപദേഷ്ടാക്കന്മാർ അനേക വർഷങ്ങളായി പഠിപ്പിച്ചു വന്ന വാമൊഴിയായുള്ള പാരമ്പര്യത്തെയാണ് അവൻ എതിർത്തത്. "ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന നിസാരമായ കൽപനയെ ന്യായപ്രമാണം ലംഘിക്കുന്ന വിധത്തിൽ അതിനെ എത്രത്തതോളം സങ്കീർണ്ണമാക്കാമോ അങ്ങനെയെല്ലാം ആക്കിയിരുന്നു (പുറ. 20:8). ശബ്ബത്തിനെ അവർ ഒരു ഭാരമാക്കി തീർത്തു. യേശുവും അവന്റെ ശിഷ്യന്മാരും ആ പാരമ്പര്യത്തെ ലംഘിക്കുന്നതായിട്ടാണ് അവർ കുറ്റം ആരോപിച്ചത്.

### കൊയ്ത്തിനാൽ അശുദ്ധമാക്കുകയോ? (12:1-8)

**1ആ കാലത്ത് യേശു ശബ്ബത്തിൽ വിളഭൂമിയിൽ കൂടി കടന്നു പോയി;
അവന്റെ ശിഷ്യന്മാർ വിശന്നിട്ട് കതിർ പറിച്ചു തിന്നു തുടങ്ങി; 2പരീശന്മാർ
അതു കണ്ടിട്ട്, "ഇതാ ശബ്ബത്തിൽ വിഹിതമല്ലാത്തതു നിന്റെ ശിഷ്യന്മാർ
ചെയ്യുന്നു" എന്നു അവനോട് പറഞ്ഞു. 3അവൻ അവരോട് പറഞ്ഞത്, "ദാ
വീദ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ ചെയ്തത് എന്ത്? 4അവൻ
ദൈവാലയത്തിൽ ചെന്നു പുരോഹിതന്മാർക്കു മാത്രമല്ലാതെ തനിക്കും കൂടെ
യുള്ളവർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ച്ചയപ്പം തിന്നു എന്നു നിങ്ങൾ
വായിച്ചിട്ടില്ലയോ? 5അല്ല, ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ
വെച്ച് ശബ്ബത്തിനെ ലംഘിക്കുന്നു എങ്കിലും, കുറ്റമില്ലാതെ ഇരിക്കുന്നു എന്നു
ന്യായപ്രമാണത്തിൽ വായിച്ചിട്ടില്ലയോ? 6'എന്നാൽ ദൈവാലയത്തേക്കാൾ**

**വലിയവൻ ഇവിടെ ഉണ്ട്' എന്നു ഞാൻ നിങ്ങളോട് പറയുന്നു. [7]'യാഗത്തിലല്ല, കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നു' എന്നുള്ളത് എന്ത് എന്നു നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു. [8]മനുഷ്യപുത്രനോ ശബ്ബത്തിനു കർത്താവാകുന്നു."**

**വാക്യം 1.** മത്തായിയുടെ വിവരണങ്ങളെ കോർത്തിണക്കുന്നതിന് ഉപയോഗിച്ച അനിശ്ചിത പ്രയോഗമാണ് **ആ കാലത്ത്** എന്നത് (11:25; 14:1). **യേശുവും** അവന്റെ **ശിഷ്യന്മാരും ശബ്ബത്തിൽ വിളഭൂമിയിൽ** കൂടെ നടന്നുപോകുകയായിരുന്നു. പാലസ്തീനിലെ ആ വിളഭൂമികൾക്ക് ഒന്നാം നൂറ്റാണ്ടിൽ വേലി ഇല്ലായിരുന്നു. പകരം അവയെ ഇടുങ്ങിയ വഴിയാൽ വേർതിരിച്ചിരുന്നു, അതിർത്തി തിരിച്ചിരുന്നത് കല്ലുകളിട്ടായിരുന്നു (ആവ. 19:14; 27:17; ഇയ്യോ. 24:2; സദൃശ. 22:28; 23:10). ശിഷ്യന്മാർ വിശന്നതിനാൽ, കതിർ പറിച്ചു തിന്നു. അവർ അത് ന്യായപ്രമാണത്തിൻ കീഴിലായിരുന്നു ചെയ്തതു. ആവർത്തനപുസ്തകം 23:25 പറയുന്നു, "കൂട്ടുകാരന്റെ വിളഭൂമിയിൽ കൂടെ പോകുമ്പോൾ, നിനക്ക് കൈകൊണ്ടു കതിർ പറിക്കാം. എങ്കിലും കൂട്ടുകാരന്റെ വിളവിൽ അരിവാൾ വെക്കരുത്." ശിഷ്യന്മാർ കൊയ്യുകയായിരുന്നില്ല; അവർ വിശപ്പടക്കുക മാത്രമായിരുന്നു ചെയ്തത്.

**വാക്യം 2. ശിഷ്യന്മാർ** വിഹിതമല്ലാത്തതു ചെയ്തു എന്നു പറഞ്ഞു **പരീശന്മാർ** അവരെ കുറ്റപ്പെടുത്തുവാൻ കാരണം എന്താണ്? **ശബ്ബത്തിൽ** ജോലി ചെയ്യുന്നതു ന്യായപ്രമാണം **വിലക്കിയിരുന്നു** (പുറ. 20:10; 34:21; ലേവ്യാ 23:3; ആവ. 5:12-15), എന്നാൽ ചില കാര്യങ്ങൾ മാത്രമാണ് പ്രത്യേകമായി പറഞ്ഞിരുന്നത്. പാചകം ചെയ്യുവാൻ തീ കത്തിക്കുന്നത് വിഹിതമായിരുന്നില്ല (പുറ. 16:22-30; 35:3), വിറക് പെറുക്കുന്നതും (സംഖ്യ. 15:32-36), ചുമട് ചുമക്കുന്നതും (യിരെ. 17:21, 22), അല്ലെങ്കിൽ ഏതു കച്ചവടവും കൈമാറ്റം ചെയ്യുന്നതും (നെഹ. 10:31; 13:15, 19).

എങ്ങനെയായാലും, റബ്ബിമാരുടെ പാരമ്പര്യം, വളരെ വിശാലമാക്കിയിരുന്നു. മാനുഷിക നിബന്ധനകൾ മിഷ്നയിൽ, മുപ്പത്തി - ഒമ്പതു പ്രവൃത്തികളെ ചെയ്യാതിരിക്കുവാൻ നിഷ്ക്കർഷിച്ചിരുന്നു - അതിൽ കൊയ്ത്തും, മെതിയും, ധാന്യം പൊടിക്കൽ, പതിരു നീക്കൽ എന്നിവയും ഉൾപ്പെടുത്തിയിരുന്നു.[2] ശിഷ്യന്മാർ കതിർ പറിച്ചു തിന്നതിനെ പരീശന്മാർ വിലയിരുത്തിയത് കൊയ്ത്തായിട്ടായിരുന്നു. ധാന്യം കൈകളിലിട്ട് തേച്ചതിനെ (ലൂക്കൊ. 6:2) അവർ മെതിക്കലായിട്ടും, പതിർ ഊതി കളയുന്നതിനെ അവർ പാറ്റുന്നതായിട്ടുമാണ് വ്യാഖ്യാനിച്ചത്. അവരുടെ കൈകളിലിട്ട് ഉമി കളയുവാൻ ശ്രമിച്ചതും ഒരുപക്ഷെ ലംഘനമായി അവർ കണ്ടിരിക്കാം.

പരീശന്മാർ എന്തിനാണ് ശബ്ബത്തിൽ വിളഭൂമിയിൽ പോയത്? തീർച്ചയായും, യേശുവിനേയും ശിഷ്യന്മാരേയും കുറ്റപ്പെടുത്തുവാനായി എന്തെങ്കിലും കിട്ടുമോ എന്നറിയുവാനായിരുന്നു എന്ന് സ്പഷ്ടം. അവർ ശിഷ്യന്മാരെ കുറിച്ചുള്ള കുറ്റം അവനോട് പറയുവാൻ കാരണം, വിദ്യാർത്ഥികളുടെ പെരുമാറ്റം അവരുടെ റബ്ബിയോടാണ് പറയേണ്ടത്. എന്നാൽ യേശു അവരുടെ പെരുമാറ്റത്തെ കുറ്റപ്പെടുത്തുകയും, ശിഷ്യന്മാർ "കുറ്റമില്ലാത്തവരും" ആയി സ്ഥിരീകരിച്ചു (12:7).

**വാക്യങ്ങൾ 3, 4.** കതിർ പറിച്ചു തിന്നതിനു യേശു തന്റെ ശിഷ്യന്മാരെ ശാസിച്ചില്ല. രണ്ടു പഴയനിയമ ഉദാഹരണങ്ങൾ സഹിതം അവൻ അവരെ

പ്രതിരോധിക്കയായിരുന്നു. "**നിങ്ങൾ വായിച്ചിട്ടില്ലയോ ...?**" ചോദ്യത്തോടെ യാണ് രണ്ടും അവൻ ചിത്രീകരിച്ചത്. പല അവസരങ്ങളിലും യേശു ഈ ന യം സ്വീകരിച്ചിട്ടുള്ളത് ആളുകൾ തിരുവെഴുത്തുകൾ പരിശോധിക്കുന്നതിനാ യിരുന്നു (12:3, 5; 19:4; 21:16, 42: 22:31), അത് റബ്ബിമാരുടെ ആരോപണങ്ങളെ പതിവായി നേരിട്ടത് അങ്ങനെയാണ്.[3] ആ ചോദ്യം പരീശന്മാരെ ലജ്ജിപ്പിച്ചി രിക്കും എന്ന കാര്യത്തിൽ സംശയമില്ല.

അവർ വളരെയധികം അഭിമാനം കൊണ്ടിരുന്ന **ദാവീദിനെ** ആണ് യേശു ആദ്യം ചിത്രീകരിച്ചത്, ശൗൽ രാജാവിൽ നിന്നു അവൻ ഓടി ഒളിക്കുന്ന സന്ദർഭ മായിരുന്നു അത് (1 ശമു. 21:1-6). ദാവീദ് നോബിൽ **ദൈവത്തിന്റെ ആലയത്തി ലേക്ക്** ചെന്നു - അതായത്, നിയമപെട്ടകം വെച്ചിരുന്ന സമാഗമന കൂടാരം അവിടെയായിരുന്നു. അന്നു മഹാപുരോഹിതനായിരുന്ന അഹീതുപിന്റെ മകനാ യ അബിമെലെക് എന്ന പുരോഹിതനെ അവൻ കണ്ടുമുട്ടി (1 ശമു. 22:11).

വഞ്ചനയായിരുന്നു എങ്കിലും, ശൗൽ രാജാവിന്റെ ഒരു രഹസ്യദൗത്യ ത്തിനാണ് താൻ വന്നിരിക്കുന്നത് എന്ന് ദാവീദ് പറഞ്ഞു. **താനും തന്റെ കൂടെയുള്ളവരും വിശന്നിരിക്കയാൽ** അവൻ അവരോട് ഭക്ഷിപ്പാൻ ചോദിച്ചു. അങ്ങനെ അബിമെലേക്ക് ദാവീദിനും കൂട്ടുകാർക്കും "**കാഴ്ച്ച അപ്പം**" നൽകി. (പുറ. 25:30; 35:13; 39:36). അതു സമാഗമന കൂടാരത്തിന്റെ മേശമേൽ വെച്ചിരുന്നു. ആ അപ്പം **പുരോഹിതന്മാർക്ക്** മാത്രമെ ഭക്ഷി പ്പാൻ അനുവാദമുണ്ടായിരുന്നുള്ളു (ലേവ്യ. 24:5-9). അത് "കാഴ്ച്ചയപ്പം" വെക്കുവാനുള്ള പ്രത്യേക മേശപ്പുറത്തു വെച്ചിരുന്നു (പുറ. 25:23-30), ആറു കഷണങ്ങൾ ഒരു ഭാഗത്തും മറുഭാഗത്ത് ആറും അങ്ങനെ പന്ത്രണ്ടു അപ്പ ക്കഷണങ്ങൾ വെച്ചിരുന്നു. യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും നി രന്തരമായ ദൈവത്തോടുള്ള അവരുടെ അടുപ്പത്തെയുമാണ് അത് സൂചിപ്പി ച്ചത്. യിസ്രായേൽ ദൈവത്തോടു സമർപ്പിക്കപ്പെട്ടിരുന്നതുപോലെ, ആ പ ന്ത്രണ്ട് കഷണം അപ്പം പന്ത്രണ്ടു ഗോത്രങ്ങളെയായിരുന്നു അവതരിപ്പിച്ചത്. അതുപോലെ ഈ അപ്പം പ്രതിഷ്ഠിക്കപ്പെട്ട പുരോഹിതന്മാർക്കുള്ളതായിരുന്നു (ലേവ്യ. 24:5-9). .അപ്പം ഓരോ വെള്ളിയാഴ്ച്ചയും ഉണ്ടാക്കിയിരുന്നു, പഴയ അപ്പം പുരോഹിതന്മാർ ഭക്ഷിക്കണമായിരുന്നു. ഓരോ ശബ്ബത്തിലും പഴയ അപ്പം മാറ്റി പുതിയതു വെക്കുമ്പോൾ ശബ്ബത്തിൽ പോലും അവർ ശുദ്ധീകരി ക്കപ്പെടുകയും പഴയ അപ്പം പുരോഹിതന്മാർ ഭക്ഷിക്കുകയും ചെയ്തിരുന്നു (1 ശമു. 21:6).

രണ്ടു പോയിന്റുള്ളതായിരുന്നു ചിത്രീകരണം. ഒന്ന്, ദാവീദ് ന്യായപ്ര മാണം ലംഘിച്ചിരുന്നു, എന്നാൽ കർത്താവിന്റെ ശിഷ്യന്മാർ മനുഷ്യനിർമ്മി തമായ പാരമ്പര്യം മാത്രമാണ് ലംഘിച്ചത്. ന്യായപ്രമാണം ലംഘിച്ച ദാവീ ദിനെ അവർ കുറ്റപ്പെടുത്തിയില്ല, എന്നാൽ പാരമ്പര്യം ലംഘിച്ച യേശുവിന്റെ ശിഷ്യന്മാരെ അവർ കുറ്റപ്പെടുത്തി. രണ്ട്, യേശുവിന്റെ മനസിൽ ആളുകൾ, ന്യായപ്രമാണത്തിന്റെ കീഴ്നടപ്പ് നോക്കണമായിരുന്നു: "മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്" (മർക്കൊ. 2:27).

**വാക്യം 5**. അനേകം നൂറ്റാണ്ടുകൾക്കു മുൻപ് **ശബ്ബത്തിൽ, പുരോഹി തന്മാർ** ചെയ്തതാണ് രണ്ടാമത്തെ ഉദാഹരണമായി യേശു ഉപയോഗിച്ചത്. ശബ്ബത്തിൽ ജോലി ഒന്നും ചെയ്യരുത് എന്ന നിബന്ധന ഉണ്ടായിട്ടും, പുരോഹി തന്മാർ ആ ദിവസം പല പ്രവൃത്തികളും, ഉദാഹരണമായി ധൂപം അർപ്പിക്കൽ, വിളക്ക് കത്തിക്കൽ, വിശുദ്ധമായ കാഴ്ച്ചയപ്പം മാറ്റൽ, ഇരട്ട യാഗം കഴിക്കൽ

തുടങ്ങി പലതും ചെയ്തിരുന്നു (പുറ. 30:7, 8; ലേവ്യ. 24:5–8; സംഖ്യാ. 28:9, 10). അവ ലംഘനമായി പരീശന്മാർ കാണുന്നില്ല, കാരണം ന്യായപ്രമാണം ആവശ്യപ്പെട്ട പ്രവൃത്തികളായിരുന്നു അവ.[4] കാരണം പുരോഹിതന്മാർ **ദൈവാലയ** പ്രവൃത്തികളായിട്ടായിരുന്നു അവ ചെയ്തിരുന്നത്. അതിനാൽ അവർ ശബ്ബത്ത് ലംഘനത്തിന്റെ കാര്യത്തിൽ **നിരപരാധികൾ** ആയിരുന്നു.

ശബ്ബത്ത് ലംഘനം എന്ന പ്രയോഗത്തിൽ, "ലംഘനം" എന്ന വാക്കിന്റെ (*ബെബേലൂ*) നല്ല തർജിമ "അശുദ്ധമാക്കുക" എന്നാണ് (എൻഐവി). സാധാരണ ശബ്ബത്തു ദിവസ നിബന്ധനകൾ പുരോഹിത പ്രവൃത്തികൾ ചെയ്യുന്നതിൽ ഒഴിവാക്കിയിരിക്കുന്നു എന്നതായിരുന്നു യേശു പറഞ്ഞത്.

**വാക്യം 6**. യേശു പിന്നെ പറഞ്ഞു, ''**എന്നാൽ ദൈവാലയത്തേക്കാൾ വലിയവൻ ഇവിടെ ഉണ്ട് എന്നു ഞാൻ നിങ്ങളോട് പറയുന്നു**.'' ഡഗ്ലസ് ആർ. എ. ഹെയർ വിചാരിച്ചത്, യേശുവിന്റെ പ്രസ്താവന ഇങ്ങനെ പറയാം: "ശബ്ബത്തിനെ സംബന്ധിച്ച് ദൈവാലയം കീഴ്നടപ്പായി എടുക്കാമെങ്കിൽ, ദൈവാലയത്തേക്കാൾ വലിയവൻ ശബ്ബത്തിനെ മറികടക്കുന്നത് എത്ര വലിയ കാര്യമാണ്."[5] യേശു പറഞ്ഞ "വലിയവൻ" (*മെയിസോണ്*; ന്യൂട്ടർ അഡ്ജക്ടിവ്) എന്നു യേശു പറഞ്ഞ വാക്കിൽ അടങ്ങിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം ഉത്തരം നൽകുന്നില്ല.

യേശു പറഞ്ഞ "വലിയവൻ" എന്നതു തിരിച്ചറിയുവാൻ 12:41, 42 ലെ വസ്തുത പിന്താങ്ങുന്നതാണ് - അവിടെ വ്യത്യസ്തമായ ഒരു ന്യൂട്ടർ അഡ്ജക്റ്റിവ് ഉപയോഗിച്ചിരിക്കുന്നു - പഴയനിയമ പുരുഷന്മാരെ എടുത്ത് അന്തരം കാണിച്ചിരിക്കുന്നു (യോഹ. 4:12; 5:46; 8:53). ദൈവാലയത്തിന്റെ അന്തരത്തിന് യോജിച്ച വ്യക്തിയായിരുന്നു യേശു കാരണം അവനിൽ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും വസിച്ചിരുന്നു (കൊലൊ. 2:9; യോഹ. 2:18–22).

"വലിയവൻ" എന്നതു തിരിച്ചറിയുവാനുള്ള മറ്റു സാധ്യതകളിൽ, യേശുവിന്റെ അധികാരവും, അവന്റെ സന്ദേശവും, വരുവാനിരുന്ന അവന്റെ രാജ്യവും ഉൾപ്പെട്ടിരുന്നു. ശിഷ്യന്മാരുടെ സേവനമാണ് "വലിയവൻ" എന്നു പറഞ്ഞിരിക്കുന്നത് എന്നാണ് ജെ. ഡബ്ലിയു. മേക്ഗാർവേ വിചാരിച്ചതു:

> അവർ യേശുവിനു ചെയ്ത സേവനം ഇതായിരുന്നു - ചിലപ്പോൾ സാധാരണ ഭക്ഷണം പോലും ത്യജിച്ചുള്ള സേവനം. ദൈവാലയത്തേക്കാൾ വലിയ സേവനമായിരുന്നു അവർ യേശുവിനായി അനുഷ്ഠിക്കേണ്ടിയിരുന്നത്; അതായത് ദൈവാലയ കർമ്മങ്ങൾ ചെയ്തിരുന്ന പുരോഹിതന്മാരുടെ കടമകളേക്കാൾ വലിയ കടമ എന്നർത്ഥം. അന്നത്തെ പുരോഹിതന്മാരുടെ പ്രവൃത്തികൾ നീതീകരിക്കാവുന്നതായിരുന്നു എങ്കിൽ, ശിഷ്യന്മാരുടെ പ്രവൃത്തികൾ എത്രയധികം [നീതീകരിക്കാവുന്നതായിരുന്നു].[6]

**വാക്യം 7**. ഒരിക്കൽ കൂടെ, കരുണ കാണിക്കേണ്ടതിന് യേശു ഹോശേയാവിന്റെ പ്രവചനം ഉദ്ധരിച്ച് പറഞ്ഞു: "**യാഗമല്ല, ദയയാണ് ഞാൻ ആഗ്രഹിക്കുന്നത്**." (ഹോശെ. 6:6; 9:13). ശബ്ബത്തിൽ യാഗം കഴിക്കുന്ന പ്രവൃത്തി പുരോഹിതന്മാർ ചെയ്തിരുന്നു, എന്നാൽ അവരുടെ ആ കടമയേക്കാൾ എത്രയോ വലുതായിരുന്നു മനുഷ്യത്വപരമായി ദയ കാണിക്കുന്നത്. ഹോശേയാവിന്റെ പുസ്തകത്തിൽ പറഞ്ഞത് പരീശന്മാർ മനസിലാക്കിയിരുന്നുവെങ്കിൽ, അവർ ഒരിക്കലും, കർത്താവിന്റെ **കുറ്റമില്ലാത്ത** ശിഷ്യന്മാരെ **കുറ്റപ്പെടുത്തുമായിരു**

**ന്നില്ല**. പകരം അവർ അവരോട് ദയ കാണിക്കുമായിരുന്നു.

**വാക്യം 8.** താൻ **ശബ്ബത്തിനും കർത്താവാകുന്നു** എന്നു പറഞ്ഞുകൊണ്ടാണ് യേശു ശിഷ്യന്മാരുടെ പ്രവൃത്തിയെ പ്രതിരോധിച്ചത്. ആ അവകാശവാദം നടത്തി, യേശു ദൈവിക അധികാരം ഉറപ്പിക്കുകയായിരുന്നു. ശബ്ബത്ത് നിയമത്തെ (പരീശന്മാരിൽനിന്നു വ്യത്യസ്തമായി) വ്യാഖ്യാനിക്കുവാൻ അവനു അവകാശം നൽകിയത് അവന്റെ ദൈവികമായ അധികാരമായിരുന്നു. വേണ്ടിവന്നാൽ അതിനെ മാറ്റി നിർത്തുവാനും അവന് അധികാരമുണ്ടായിരുന്നു. ശബ്ബത്ത് എങ്ങനെ ശരിയായി ആചരിക്കണമെന്ന് വിധിക്കുവാനും, താൻ ശബ്ബത്തിനും കർത്താവാണെന്ന് യേശുവിന്റെ മുമ്പിലത്തെ പ്രവൃത്തികൾ തെളിയിച്ചിരുന്നു.[7]

യേശു ആ ദിവസം പള്ളിയിൽ പോയി, യേശു ശബ്ബത്തിനെ ആചരിച്ചിരുന്നു (ലൂക്കൊ. 4:16–27). അവനിൽ ആരോപിക്കാവുന്ന കാര്യം അവൻ ശബ്ബത്തിൽ മറ്റുള്ളവരോട് കരുണ കാണിച്ചു എന്നതു മാത്രമാണ് (12:9–14; ലൂക്കൊ. 13:10–17; 14:1–6; യോഹ. 5:1–9; 7:23; 9:1–7, 14). യേശുവിന്റെ ശിഷ്യന്മാർ തങ്ങളുടെ ധ്യാനവും സേവനവും മനുഷ്യ - നിർമ്മിതമായ പാരമ്പര്യത്തേക്കാളുപരിയായി നിലനിർത്തി. അതിനു വിരുദ്ധമായി, പരീശന്മാർ ശിഷ്യന്മാരെ വിമർശിക്കുകയായിരുന്നു. അങ്ങനെ ചെയ്തതിനാൽ, അവർ ശബ്ബത്തിന്റെ കർത്താവിനെ അനാദരിക്കുകയായിരുന്നു.

## സൗഖ്യമാക്കൽ അശുദ്ധമാകുമോ?
## (12:9-14)

**9അവൻ അവിടം വിട്ട് അവരുടെ പള്ളിയിൽ ചെന്നപ്പോൾ, കൈ വരണ്ട ഒരു മനുഷ്യനെ കണ്ടു. 10അവർ അവനിൽ കുറ്റം ചുമത്തേണ്ടതിന്ന് ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ എന്ന് അവനോട് ചോദിച്ചു. 11അവൻ അവരോട്, നിങ്ങളിൽ ഒരുത്തന്നു ഒരു ആടുണ്ട് എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? 12എന്നാൽ മനുഷ്യൻ ആടിനേക്കാൾ എത്ര വിശേഷതയുള്ളവൻ! ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നെ എന്നു പറഞ്ഞു. 13പിന്നെ ആ മനുഷ്യനോട്, കൈ നീട്ടുക എന്നു പറഞ്ഞു. അവൻ നീട്ടി, അതു മറ്റേതുപോലെ സൗഖ്യമായി. 14പരീശന്മാരോ പുറപ്പെട്ടു അവനെ നശിപ്പിപ്പാൻ വേണ്ടി അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു.**

**വാക്യം 9. അവിടം വിട്ട്** (11:1; 13:53; 15:29; 19:1 നോക്കുക). **അവരുടെ പള്ളിയിൽ** വെച്ചുള്ള ഒരു രംഗം പോലെയുള്ളതും വിളഭൂമിയിലേതുമായി ബന്ധിപ്പിക്കുകയായിരുന്നു. ശബ്ബത്ത് ആരംഭത്തിൽ ഒരു ദിവസത്തെ വിശ്രമമായിരുന്നു, പിന്നീട് അത് ഒരു ഒഴിവുദിവസമാക്കി അന്നു യെഹൂദന്മാരെല്ലാം പ്രാർത്ഥിക്കുവാനും ന്യായപ്രമാണം പഠിക്കുവാനും പള്ളിയിൽ കൂടിവന്നു. "അവരുടെ" എന്ന സർവ്വനാമം പള്ളിയെ വിശേഷിപ്പിക്കുന്നതാണ്, അത് യേശുവിനേയും മതസ്ഥാപനത്തേയും തമ്മിൽ വേർപിരിക്കുന്നതാണ്, അല്ലെങ്കിൽ മത്തായിയുടെ കാലത്തെ സഭയും യഹൂദമതവും തമ്മിൽ വേർപിരിക്കുന്നതാണ്. മറ്റൊരു സാധ്യത എന്തെന്നാൽ അത് യേശുവിനേയും അവന്റെ ശിഷ്യന്മാരേയും, പ്രാദേശികസമൂഹത്തെയും തമ്മിൽ വേർതിരിക്കുന്നതാകാം

(4:23; 9:35; 10:17; 13:54).

**വാക്യം 10**. യേശു പള്ളിയിൽ ചെന്നപ്പോൾ, കഫർന്നഹൂമിലായിരിക്കാം, അവൻ പഠിപ്പിച്ചുകഴിഞ്ഞ ശബ്ബത്തിനെ കുറിച്ചുള്ള സത്യം പറയുവാനുള്ള മറ്റൊരു നല്ല അവസരമാണ് ലഭിച്ചത്. **കൈ വരണ്ട ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു**. "വരണ്ട" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*സീറോസ്*) "തളർവാതം" എന്നും തർജിമ ചെയ്യാം. യേശുവിന്റെ എതിരാളികൾ ചോദിച്ചു, "**ശബ്ബത്തിൽ സൗഖ്യമാക്കുന്നത് വിഹിതമോ?**" അവർ ആ ചോദ്യം ചോദിച്ചപ്പോൾ, വിവരം അറിയുവാനല്ല ആഗ്രഹിച്ചത്, പകരം, അവർ അവനെ **കുറ്റപ്പെടുത്തുവാനാണ്** ശ്രമിച്ചത്. യേശുവിന്റെ എതിരാളികൾ പരീശന്മാരാണെന്ന് വാക്യം 14 വെളിപ്പെടുത്തുന്നു.

മർക്കൊസിന്റെ വിവരണത്തിൽ, വരണ്ട കയ്യുള്ള മനുഷ്യനോട് "നടുവിൽ എഴുന്നേറ്റു നിൽക്ക" എന്നാണ് പറഞ്ഞിരിക്കുന്നത് (മർക്കൊ. 3:3). അത് ഒരുപക്ഷെ ആ മനുഷ്യന്റെ കയ്യുടെ ശോചനീയാവസ്ഥ എല്ലാവരും കാണുന്നതിനായിരിക്കാം. അവൻ പിന്നെ അവന്റെ വിമർശകരോട് ചോദിച്ചു, "ശബ്ബത്തിൽ നന്മ ചെയ്യുകയോ തിന്മ ചെയ്യുകയോ, ജീവനെ രക്ഷിക്കുകയോ കൊല്ലുകയോ ഏതാകുന്നു വിഹിതം?" (മർക്കൊ. 3:4). എങ്ങനെയായാലും, ആരും ഉത്തരം ഒന്നും പറഞ്ഞില്ല.

**വാക്യം 11**. യേശു ചോദിച്ച ചോദ്യത്തിനു താൻ തന്നെ ഉത്തരം പറയുന്ന ഒരു ചിത്രീകരണം അവർക്ക് നൽകി. ഒരു **മനുഷ്യന്** ഒരു **ആടുണ്ടായിരുന്നു**, അത് **ശബ്ബത്തിൽ കുഴിയിൽ വീണു**. ആ അവസരത്തിൽ ആടിനെ അയാൾ കുഴിയിൽനിന്നു കയറ്റാതിരിക്കുമോ? അതുപോലെയുള്ള അവസരത്തിൽ യേശു ചോദിച്ചു, "നിങ്ങളിൽ ഒരുത്തന്റെ മകനോ കാളയോ ശബ്ബത്തു നാളിൽ കിണറ്റിൽ വീണാൽ ക്ഷണത്തിൽ വലിച്ചെടുക്കയില്ലയോ?" (ലൂക്കൊ. 14:5). ചില അവസരത്തിൽ പരീശന്മാർ ശബ്ബത്തിൽ അതിനെ വലിച്ചെടുക്കുവാൻ അനുവദിക്കും.[8]

**വാക്യം 12**. യേശു തന്റെ പോയിന്റ് വ്യക്തമാക്കി: **"ആടിനേക്കാൾ മനുഷ്യൻ എത്ര വിശേഷതയുള്ളവൻ!"** (6:26; 10:31; ലൂക്കൊ. 15:3–7 നോക്കുക). ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചശേഷം സകലത്തേയും വാഴുവാൻ അവനെ അനുവദിച്ചു (ഉല്. 1:27, 28). ദൈവസൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ (സങ്കീ. 8:3–8).

എന്നാൽ ശബ്ബത്തിനെ കുറിച്ചുള്ള യെഹൂദ നിയമം വളരെ കർശനമാണ്, ചില ദയാ പ്രവൃത്തികളും ആ ദിവസം അനുവദിച്ചിരുന്നു. ഒരാളുടെ ജീവൻ അപകടത്തിലാണെങ്കിൽ, അയാളുടെ ജീവന്റെ രക്ഷക്കാവശ്യമായ വൈദ്യസഹായം ചെയ്യാം.[9] ഒരു സ്ത്രീക്ക് പ്രസവവേദന അനുഭവപ്പെടുമ്പോൾ, പ്രസവമെടുക്കുവാൻ സൂതികർമ്മിണിയെ വിളിക്കാം.[10] എങ്ങനെയായാലും, ഒരു മനുഷ്യന്റെ ജീവനു ഭീഷണിയില്ലെങ്കിൽ, അസാധാരണമായ കരുതലുകൾ എടുക്കാവുന്നതല്ല.[11] എട്ടാം നാളിലെ പരിഛേദനക്ക് ഒഴികഴിവുണ്ടായിരുന്നു; ആ വിശുദ്ധമായ അനുഷ്ഠാനം ശബ്ബത്തു നിബന്ധനകളിന്മേൽ അധികാരം നടത്തുന്നതായിരുന്നു (യോഹ. 7:22, 23).[12]

യേശുവിന്റെ മുൻപിൽ നിന്ന മനുഷ്യൻ ജീവന്റെ ഭീഷണി നേരിട്ടയാളായിരുന്നില്ല. യേശു അത്തരം രോഗികളെ സൗഖ്യമാക്കേണ്ടത് ശബ്ബത്തുനാളിലല്ല, മറ്റു ആറു ദിവസങ്ങളിലാണ് എന്നത്രെ പരീശന്മാർ വിചാരിച്ചത് (ലൂക്കൊ. 13:14). **ശബ്ബത്തിൽ നന്മ ചെയ്യുവാൻ** ന്യായപ്രമാണം അനുവദിക്കുന്നുണ്ട്

എന്നതായിരുന്നു യേശു പഠിപ്പിച്ചത്. തീർച്ചയായും, തിന്മ ചെയ്യുന്നത് ന്യായപ്രമാണം വിലക്കിയിരുന്നു. ആ മനുഷ്യന് നന്മ ചെയ്യുവാൻ കഴിയുന്നത് ആ സമയത്ത് ചെയ്തില്ലെങ്കിൽ, അത് തിന്മയാകും എന്നതായിരുന്നു യേശുവിന്റെ കാഴ്ച്ചപ്പാട്. നന്മ ചെയ്ത യേശുവിൽനിന്നു വ്യത്യസ്തമായി, അവർ യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി ശബ്ബത്തിൽ തിന്മ ചെയ്യുകയായിരുന്നു (12:14).

**വാക്യം 13**. പരീശന്മാർ യേശുവിനോട് പ്രതികരിക്കാതിരുന്നപ്പോൾ, "അവൻ അവരുടെ ഹൃദയകാഠിന്യം നിമിത്തം ദുഃഖിച്ചു" എന്ന് മർക്കൊസ് പറഞ്ഞിരിക്കുന്നു (മർക്കൊ. 3:5). വരുവാനിരിക്കുന്ന അനന്തരഫലത്തെ കുറിച്ച് അറിയാമായിരുന്നിട്ടും, യേശു വരണ്ട കയ്യുള്ള **മനുഷ്യനോട്, "കൈ നീട്ടുക!"** എന്നു പറഞ്ഞു. അവൻ അങ്ങനെ ചെയ്തപ്പോൾ, അവന്റെ **കൈ മറ്റേതു പോലെ സാധാരണ** നിലയിലേക്ക് മടങ്ങി വന്നു. സംസാരത്താൽ മാത്രമാണ് യേശു അവനെ സൗഖ്യമാക്കിയത്. സ്പഷ്ടമായും യേശു ആ മനുഷ്യന്റെ മേൽ കൈ വെച്ചില്ല.

**വാക്യം 14. പരീശന്മാർ** ഉടനെ പള്ളിവിട്ട് അവനെ **നശിപ്പിക്കേണ്ടതിന്ന്** ഹെരോദ്യരുമായി **ഗൂഢാലോചന** നടത്തി (മർക്കൊ. 3:6). ആ രണ്ടു കൂട്ടരും സാധാരണ ശത്രുക്കളായിരുന്നു. ഹെരോദാവുമാരുടെ ഭരണത്തെയും റോമൻ അധിനിവേശത്തേയും പിന്താങ്ങിയിരുന്നവരായിരുന്നു ഹെരോദ്യർ. പരീശന്മാർ രണ്ടിനേയും കണ്ണടച്ച് എതിർത്തിരുന്നു. സാധാരണ, പരീശന്മാർക്കും ഹെരോദ്യർക്കും തമ്മിൽ ഒരു ബന്ധവുമില്ലായിരുന്നു, എന്നാൽ രണ്ടുകൂട്ടരുടേയും പൊതു സ്വഭാവമായിരുന്നു വെറുപ്പ് - അങ്ങനെ രണ്ടുകൂട്ടരും ഒത്തുചേർന്നു - യേശുവിനെ നശിപ്പിപ്പാൻ കൂടിയാലോചിച്ചു.

ന്യായപ്രമാണത്തിൽ, മനപ്പൂർവ്വമായി ശബ്ബത്ത് ലംഘിച്ചാൽ മരണശിക്ഷയായിരുന്നു വിധിച്ചിരുന്നത് (പുറ. 31:14; 35:2; സംഖ്യ. 15:35). യേശുവിനെ മരണത്തിന് ഏൽപിക്കുവാനായി അവൻ ശബ്ബത്ത് ലംഘിക്കുന്നുവോ എന്നു പരീശന്മാർ നോക്കിക്കൊണ്ടിരുന്നു. എങ്ങനെയായാലും, പരീശന്മാരുടെ പാരമ്പര്യമൊഴിച്ച് യേശു ശബ്ബത്ത് ലംഘിച്ചിരുന്നില്ല. അതിലുപരിയായി, യെഹൂദന്മാർ റോമൻ ആധിപത്യത്തിലായിരുന്നതിനാൽ, മരണത്തിന് ഏൽപിക്കുവാനുള്ള അവകാശം അവർക്ക് പരിമിതമായിരുന്നു (യോഹ. 18:31 നോക്കുക). പരീശന്മാർ എന്തുകൊണ്ട് ഹെരോദ്യരോട് ചേർന്നു എന്നതു ശത്രൂക്കളോട് യോജിച്ചത് വ്യക്തമാക്കുന്നു, അവരുടെ പ്രവൃത്തികൾ ഗലീലയിലെ റോമൻ ഇടപ്രഭുവായിരുന്ന ഹെരോദാവ് അന്തിപ്പാസിനോട് ഒരു പടി അടുപ്പിച്ചു. യേശുവിനെ മരണത്തിനു വിധിക്കുവാനുള്ള അധികാരം അവനുണ്ടായിരുന്നു (ലൂക്കൊ. 13:31; 23:6-16), യോഹന്നാൻ സ്നാപകനെ അങ്ങനെയായിരുന്നു കൊന്നത് (14:1-12).

## പാഠങ്ങൾ

### "ശബ്ബത്തു നാളിനെ ഓർക്ക" (12:1-4)

നീങ്ങപ്പെട്ട പഴയനിയമ ഭാഗമായിരുന്നു ശബ്ബത്ത് നാൾ ആചരണം (എഫെ. 2:13-16; കൊലൊ. 2:14). ശബ്ബത്ത് നിബന്ധനകളടക്കം പഴയനിയമത്തിലെ ഒരു ഭാഗവും ഇന്ന് ക്രിസ്ത്യാനികൾ അനുസരിക്കേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ നിയമത്തോട് ബന്ധപ്പെടാത്തത് പത്തുകൽപനകളിലെ നാലാ

മത്തെ കൽപന മാത്രമാണ് (പുറ. 20:8). ഞായറാഴ്ച്ചയെ ചിലർ “ക്രിസ്തീയ ശബ്ബത്ത്” എന്നു വിളിക്കുന്നു. എന്നാൽ അങ്ങനെ ഒന്നില്ല. ശബ്ബത്ത്, ആഴ്ച്ച യുടെ ഏഴാം നാളായ ശനിയാഴ്ച്ച ആയിരുന്നു (പുറ. 20:8–11). ക്രിസ്ത്യാനികൾ ആരാധിക്കേണ്ടത്, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച്ചയാണ് (പ്ര വൃ. 20:7; 1 കൊ. 16:2), അതിനെ കർത്തൃദിവസം എന്നും വിളിക്കുന്നു (വെളി. 1:10). പ്രാരംഭ ക്രിസ്ത്യാനികൾക്ക് ആരാധനക്ക് പ്രത്യേക പ്രവൃത്തികളും പ്ര ത്യേക ദിവസവുമുണ്ടായിരുന്നതായി ചരിത്രകാരന്മാരുടെ എഴുത്തുകളും സമ്മതിക്കുന്നു.[13]

യേശു കല്ലറ വിട്ടു ഉയർത്തെഴുന്നേറ്റത് അന്നേ ദിവസമായിരുന്നതിനാ ലാണ് ക്രിസ്ത്യാനികൾ ആരാധിക്കുവാൻ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുന്നത് (28:1–6; ലൂക്കൊ. 24:1–6; യോഹ. 20:1–9). ഉയർത്തെഴുന്നേൽപി ന് – ശേഷമുള്ള യേശുവിന്റെ ഓരോ പ്രത്യക്ഷതയും പ്രത്യേകദിവസമായ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു. പ്രാർത്ഥിക്കുവാനും, പാട്ട് പാടി ദൈവത്തെ സ്തുതിക്കുവാനും, ദൈവ വചന സന്ദേശം കേൾക്കുവാനും, ധർമ്മശേഖരം നടത്തുവാനും, കർത്തൃമേശ ആചരിക്കുവാനും ക്രിസ്ത്യാനി കൾ കൂടി വരുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണ്.

നേരിട്ടുള്ള കൽപനയാലും, അപ്പൊസ്തലിക മാതൃകയാലും, പുതിയ നി യമം പഠിപ്പിക്കുന്നത്, ക്രിസ്ത്യാനികൾ സഭായോഗം കൂടേണ്ടത് കർത്തൃ ദിവസത്തിലാണ് എന്നത്രെ. പ്രാരംഭ സഭ ചെയ്തതുപോലെ കർത്തൃമേശ യിൽ നിന്നു പങ്കെടുക്കുവാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ (പ്രവൃ. 20:7; 1 കൊ. 11:20–34; 16:2), നാം അന്നു സന്നിഹിതരായിരിക്കണം. എബ്രായ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ച് എബ്രായ ലേഖകൻ എഴുതിയിരിക്കുന്നത് “ചിലർ ചെയ്യുന്നതുപോലെ, നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട്, സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉൽസാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപി ക്കുന്തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു” (എബ്രാ. 10:25; എൻഐവി). പ്രാരംഭ ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നിരുന്നതുകൊണ്ട്, – പുതിയനിയമവും മറ്റു ചരിത്രവിവരണങ്ങളും വ്യക്തമാക്കുന്നത് – എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു പുതിയ നി യമ കൂടിവരവ് തന്നെയാണ്. കർത്തൃദിവസത്തിലെ സഭായോഗം മുടക്കുവാൻ ദൈവശ്വാസിയ എഴുത്തുകാരൻ ആരെയും അനുവദിക്കുന്നില്ല.

**“മനുഷ്യപുത്രൻ” (12:8)**

പുതിയനിയമത്തിൽ, എൺപത്തി – യെട്ടു പ്രാവശ്യം യേശുവിനെ “മനു ഷ്യപുത്രൻ” എന്നു വിളിച്ചിരിക്കുന്നു, കുറച്ചു വേദഭാഗങ്ങളിൽ ക്രിസ്തു എന്നും പറഞ്ഞിരിക്കുന്നു. “ദൈവപുത്രൻ” എന്ന പദവി അവന് എടുക്കു വാനുള്ള എല്ലാ അവകാശവുമുണ്ടായിരുന്നു, എന്നാൽ അവൻ ഇഷ്ടപ്പെ ട്ടതു “മനുഷ്യപുത്രൻ” എന്നു പറയുവാനായിരുന്നു. യേശു ഈ പ്രയോഗം നടത്തിയപ്പോൾ അവൻ തന്നെ കുറിച്ച് ഒരു പ്രധാന വസ്തുത അറിയിക്കു വാൻ ആഗ്രഹിച്ചു എന്നതാണ് കാര്യം. ഒരു വശത്ത് അവന്റെ പൂർണ്ണ മനുഷ്യ ത്വത്തെ കാണിക്കുന്നു. മറുവശത്ത്, അവന്റെ വീണ്ടെടുപ്പിന്റെ ആധികാരിക ദൗത്യത്തിന് ഊന്നൽ കൊടുക്കുന്നു. അവന്റെ അധികാരം നമ്മുടെ ക്ഷേമ – ത്തിനായി ഉപയോഗിക്കുവാൻ നമ്മെ അവനോട് ബന്ധിപ്പിക്കുവാൻ ദൈവം

മനുഷ്യനായി തീർന്നു.

---

കുറിപ്പുകൾ

[1]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1993), 130. [2]മിഷ്നാ *ഷാബോത്ത്* 7.2. [3]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 210. [4]"ദ സാക്രിഫിഷ്യൽ സെർവീസ് സൂപ്പെർസീഡ്സ് ദ സാബത്ത്" (താൽമൂദ് *ഷാബാത്ത്* 132 ബി). [5]ഹെയർ, 132. [6]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യൂ ടെസ്റ്റമെന്റ് കമെന്ററി,* വാല്യം. 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 104. [7]ഇബിഡ്., 105. [8]സീ താൽമൂദ് *ഷാബാത്ത്* 128 ബി; *ബാബാ മെറ്റസിയ* 32 ബി. ദ ഡെഡ് സീ സ്ക്രോൾസ് റിവീൽ ദാറ്റ് ദ ഖുമ്റാൻ കമ്മൂണിറ്റി വാസ് സ്ട്രിക്റ്റർ: "ഒരു മനുഷ്യനും ശബ്ബത്തിൽ മൃഗത്തിന്റെ പ്രസവത്തിനു സഹായിക്കരുത്. അത് ശബ്ബത്തു നാളിൽ കുഴിയിലോ കിണറ്റിലോ വീണാൽ കയറ്ററുത് ... എന്നാൽ ഒരു മനുഷ്യൻ വെള്ളത്തിലോ തീയിലോ വീണാൽ, അവനെ കോണിയോ, കയറോ (അതുപോലെയുള്ള മറ്റൊന്ന്) പാത്രമോ ഉപയോഗിച്ച് കയറ്റാം." (*ഡമസ്ക്കസ് റൂൾ* 11.13, 14, 16, 17). [9]"ശബ്ബത്ത് ലംഘനങ്ങള മറി കടക്കുന്നതാണ് ജീവനു ഭീഷണിയോ അപകടമോ ആയ ഏതും" (മീഷ്നാ *യോമോ* 8.6). [10]മിഷ്നാ *ഷാബോത്ത്* 18.3.

[11]ഉദാഹരണമായി, ശബ്ബത്തിൽ മുറിഞ്ഞ കൈ കെട്ടുന്നത് നിയമരഹിതമായിരുന്നു (മിഷ്നാ *ഷാബോത്ത്* 22.6). [12]ഇബിഡ്., 18.3–19.5. [13]പ്ലിനി ലെറ്റേഴ്സ് 10.96; ജസ്റ്റിൻ മാർട്ടിർ *അപോളജി* 1.67; ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയ *മിസെലേനീസ്* 6.14; *ദ ഇൻസ്ട്രക്ടർ* 3.11.